F.No.STC/TS/APNT/2023 Dated 01.04.2023

## *ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ*

1) *ഭിന്നശേഷി വിഭാഗത്തിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ, ആയത് തെളിയിക്കുന്നതിനുള്ള മതിയായ വൈദ്യശാസ്ത്ര രേഖ പകർപ്പ് (സർക്കാർ ഡോക്ടർമാരുടെ അംഗീകൃത മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സെർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കേണ്ടതാണ്)*

2) *മാർത്തോമ്മ സഭാ വിഭാഗത്തിൽ (MarThoma Community) ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഇടവക വികാരിയിൽ നിന്നും സാക്ഷ്യപത്രവും, സ്ഥലം വില്ലേജ് ഓഫീസർ നൽകിയ Community സെർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്*

3) ഉദ്യോഗാർത്ഥിയുടെ ആധാർ അല്ലെങ്കിൽ ഒരു അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം.

4) പൂരിപ്പിച്ച് ഒപ്പിട്ട **അപേക്ഷകൾ**, "Principal St. Thomas College Kozhencherry" യുടെ പേരിൽ മാറാവുന്ന ബാങ്ക് D.D (₹1000/-) സഹിതം നിയമന വിജ്ഞാപനം പരസ്യപ്പെടുത്തിയ തീയ്യതി മുതൽ മുപ്പതു ദിവസത്തിനകം പ്രിൻസിപ്പാളിന്റെ പക്കൽ നേരിട്ടോ, രജിസ്റ്റേർഡ് തപാലിലോ സമർപ്പിക്കേണ്ടതാണ്.വിലാസം **Principal, St.Thomas College Kozhencherry PIN-689641 Dist: Pathanamthitta** (Tel:0468-2214566) തപാലിൽ അയക്കുന്നവർ കവറിന് പുറത്തു മുകളിൽ തസ്തിക വിവരം **(അസ്സിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള അപേക്ഷ )**രേഖപ്പെടുത്തേണ്ടതാണ്

5) പത്താംതരം മുതലുള്ള വിദ്യാഭ്യാസ-യോഗ്യതകളുടെയും മാർക്ക്-ലിസ്റ്റിന്റെയും, ഇതര സാക്ഷ്യപത്രങ്ങളുടെയും പകർപ്പ്, അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം, കൂടാതെ മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നല്ലാതെ മറ്റു സർവ്വകലാശാലകളിൽ നിന്നും വിദ്യാഭ്യാസ യോഗ്യത സമ്പാദിച്ചിട്ടുള്ളവർ, അഭിമുഖം നടക്കുന്ന വിഷയത്തിൽ നിന്നല്ലാതെ മറ്റു വിഷയത്തിൽ നിന്നും വിദ്യാഭ്യാസ യോഗ്യത നേടിയിട്ട് അപേക്ഷിക്കുന്നവർ, മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്നുള്ള തുല്യത / യോഗ്യത സെർട്ടിഫിക്കറ്റുകൾ എന്നിവയുടെ പകർപ്പുകൾ. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണം

6) *താങ്കൾ അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന, പ്രായം ഉൾപ്പെടെയുള്ള എല്ലാ വിവരങ്ങളും തെളിയിക്കുന്നതിനാവശ്യമായ അസ്സൽ സെർട്ടിഫിക്കറ്റുകളും, അസ്സൽ രേഖകളും, സെർട്ടിഫിക്കറ്റ് പരിശോധനാ സമയത്തും /അദ്ധ്യാപക തെരെഞ്ഞെടുപ്പ് കമ്മറ്റി മുമ്പാകെയും ഹാജരാക്കേണ്ടതാണ്, അതിനു താങ്കൾക്കു കഴിയാതെയിരുന്നാൽ ആയതു താങ്കളുടെ നിയമന സാധ്യതയെ ബാധിക്കുന്നതും ആയതിൽ കോളേജ് മാനേജ്മെന്റിന് ബാധ്യത ഇല്ലാത്തതുമായിരിക്കും.*

7) *പ്രായപരിധിയിൽ നിയമപരമായ ഇളവ് ലഭിക്കുന്ന വ്യക്തികൾ മതിയായ അസ്സൽ രേഖ സർട്ടിഫിക്കറ്റ് പരിശോധന/അഭിമുഖ സമയത്ത് ഹാജരാക്കേണ്ടതാണ്.*

8) *താങ്കൾക്കു നിയമനം ലഭിക്കാതെയിരുന്നാലോ / ഏതെങ്കിലും കാരണത്താൽ താങ്കളുടെ അപേക്ഷ അസാധു ആകുകയോ , തള്ളപ്പെടുകയോ ചെയ്താൽ താങ്കൾ നൽകിയ അപേക്ഷ ഫീസ് തിരികെ നൽകുന്നതല്ല*

9) മറ്റ് അധിക വിവരങ്ങൾ എന്തെങ്കിലും നൽകാനുള്ള അപേക്ഷാർത്ഥികൾ ആയത് ഒരു പ്രത്യേക കടലാസിൽ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്

10) അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന രേഖകൾ ക്രമ നമ്പർ നൽകി ഒരു ലിസ്റ്റ് കൂടി സമർപ്പിക്കുക

---------X----------X---------